# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSAMPM 15/1454/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 12/10/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM 15/1454/2021 തീയ്യതി: 12/10/2021

## മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-01-2020 മുതൽ 18-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 24-08-2021 | 13-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-08-2021 | 13-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സുരേഷ് പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),
ശ്രീ മുഹമ്മദ് ഫസലുറഹ്മാൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ യൂസഫ് പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ മുഹമ്മദ് നൗഷാദ് എ.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റംല | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ അബ്ദുൾകലാം മാസ്റ്റർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി ഷൈലജ | സെക്രട്ടറി | 01-04-2020 | 01-03-2021 |
| ശ്രീ ജോളി ജോൺ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-03-2021 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഷാജി പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ആനന്ദ് കൃഷ്ണൻ | വെറ്റിനറി സർജൻ | 01-04-2020 | 01-08-2020 |
| ഡോ അനഘ എസ് | വെറ്റിനറി സർജൻ | 02-08-2020 | 31-03-2021 |
| ഡോ. അമർനാഥ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ. സുസ്മിജ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീ പ്രശാന്ത് കരിമ്പിൽ | വി.ഇ.ഒ | 01-04-2020 | 24-09-2020 |
| ശ്രീ വിഷ്ണു ചന്ദ്രൻ | വി.ഇ.ഒ | 25-09-2020 | 31-03-2021 |
| ശ്രീമതി ടിന ജോസഫ് | ICDS സൂപ്പർവൈസർ | 17-11-2020 | 31-03-2021 |
| ഡോ ശിവപ്രസാദ് | ഫിഷറീസ് എക്റ്റൻഷൻ ഓഫീസർ | 04-11-2020 | 31-03-2021 |
| ശ്രീമതി മൈമൂനത്ത് | ഹെഡ്മിസ്ട്രസ് | 24-06-2020 | 31-03-2021 |
| ശ്രീ മഹേഷ് പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 01-06-2020 |
| ശ്രീമതി റീബ തങ്കച്ചൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 02-06-2020 | 31-03-2021 |
| ശ്രീമതി ഷാമിലി ഐ.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 16-09-2020 |

| | | | |
|---|---|---|---|
| ശ്രീ ജോളി ജോൺ | അസിസ്റ്റന്റ് സെക്രട്ടറി | 17-09-2020 | 31-03-2021 |
| ശ്രീ സുരേഷ് ബാബു ടി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ ചൈതന്യ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 03-11-2020 |
| ശ്രീ അബൂബക്കർ എൻ.സി | ഹെഡ്മാസ്റ്റർ | 01-04-2020 | 23-06-2020 |
| ശ്രീമതി അമ്മുണ്ണി പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 16-11-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Yousuf.P (Asst. Audit Officer, On 09-09-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 09-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Yousuf.P (Asst. Audit Officer, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 05-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Yousuf.P (Asst. Audit Officer, On 09-09-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 09-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR) പ്രകാരം<br>Written By: Yousuf.P (Asst. Audit Officer, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധന<br>Written By: Yousuf.P (Asst. Audit Officer, On 14-09-2021)<br>Last Updated By: Unni.P (Deputy Director, On 08-10-2021) | 1-4-1 |
| 6 | ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം<br>Written By: Yousuf.P (Asst. Audit Officer, On 09-09-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 09-09-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Yousuf.P (Asst. Audit Officer, On 09-09-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 09-09-2021) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Yousuf.P (Asst. Audit Officer, On 17-09-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 17-09-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Yousuf.P (Asst. Audit Officer, On 09-09-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 09-09-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Yousuf.P (Asst. Audit Officer, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Yousuf.P (Asst. Audit Officer, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Yousuf.P (Asst. Audit Officer, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 1-11 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Mohammed Noushad A K (Auditor, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 1-12 |
| 14 | പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.<br>Written By: Yousuf.P (Asst. Audit Officer, On 14-09-2021)<br>Last Updated By: Unni.P (Deputy Director, On 08-10-2021) | 1-13 |
| 15 | ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ വാങ്ങൽ നടത്തി<br>Written By: Mohammed Noushad A K (Auditor, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 1-14 |
| 16 | ചെലവ് തുകക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല<br>Written By: Mohammed Noushad A K (Auditor, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 1-15 |
| 17 | ചെലവ് തുകക്കുള്ള ആയുർവ്വേദ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.<br>Written By: Mohammed Noushad A K (Auditor, On 11-09-2021)<br>Last Updated By: Mohammed Noushad A K (Auditor, On 14-09-2021) | 1-16 |

| | | |
|---|---|---|
| 18 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -അപാകതകൾ<br>Written By: Mohammed Noushad A K (Auditor, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 08-10-2021) | 1-17 |
| 19 | തുല്യത പരീക്ഷ ഫീസ് അടവാക്കൽ-കൈപ്പറ്റ് , മറ്റ് വിവരങ്ങൾ ലഭ്യമല്ല<br>Written By: Mohammed Noushad A K (Auditor, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 06-10-2021) | 1-18 |
| 20 | വായനശാലകൾക്ക് ദിനപത്രം നൽകൽ-അപാകതകൾ<br>Written By: Mohammed Noushad A K (Auditor, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 06-10-2021) | 1-19 |
| 21 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം<br>Written By: Muhammed Fasalurahman (Asst. Audit Officer, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 1-20 |
| 22 | പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 08-10-2021) | 1-21 |
| 23 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 08-10-2021) | 1-22 |
| 24 | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 1-23 |
| 25 | ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 06-10-2021) | 1-24 |
| 26 | GLPS പറമ്പിൽ പീടിക റിപ്പയർ - GI പൈപ്പ് പ്രവൃത്തിക്ക് ഉയർന്ന നിരക്ക് നൽകി, 61432 രൂപ നഷ്ടം<br>Written By: Muhammed Fasalurahman (Asst. Audit Officer, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 1-25 |
| 27 | നടുക്കര സ്കൂൾ കെട്ടിടം റിപ്പയർ - GI പൈപ്പ് പ്രവൃത്തിക്ക് ഉയർന്ന നിരക്ക് നൽകി, 31282 രൂപ നഷ്ടം<br>Written By: Muhammed Fasalurahman (Asst. Audit Officer, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 1-26 |
| 28 | അഗതി രഹിത കേരളം - ഭവന നിർമ്മാണത്തിന് നൽകിയ തുക വിനിയോഗിച്ചിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 1-27 |
| 29 | ലാപ്ടോപ്പ് വിതരണം ചെയ്തിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 08-10-2021) | 1-28 |
| 30 | കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Yousuf.P (Asst. Audit Officer, On 14-09-2021)<br>Last Updated By: Unni.P (Deputy Director, On 08-10-2021) | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | GLPS പറമ്പിൽ പീടിക റിപ്പയർ - GI പൈപ്പ് പ്രവൃത്തിക്ക് ഉയർന്ന നിരക്ക് നൽകി, ₹61432 രൂപ നഷ്ടം<br>Written By: Muhammed Fasalurahman (Asst. Audit Officer, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 3-1 |
| 2 | നടുക്കര സ്കൂൾ കെട്ടിടം റിപ്പയർ - GI പൈപ്പ് പ്രവൃത്തിക്ക് ഉയർന്ന നിരക്ക് നൽകി. ₹31282 രൂപ നഷ്ടം<br>Written By: Muhammed Fasalurahman (Asst. Audit Officer, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 3-2 |

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Suresh.P (Audit Officer, On 28-08-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Suresh.P (Audit Officer, On 28-08-2021)<br>Last Updated By: Suresh.P (Audit Officer, On 02-09-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Suresh.P (Audit Officer, On 28-08-2021)<br>Last Updated By: Unni.P (Deputy Director, On 06-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Suresh.P (Audit Officer, On 28-08-2021)<br>Last Updated By: Suresh.P (Audit Officer, On 29-08-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Suresh.P (Audit Officer, On 28-08-2021)<br>Last Updated By: Suresh.P (Audit Officer, On 29-08-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Suresh.P (Audit Officer, On 28-08-2021)<br>Last Updated By: Suresh.P (Audit Officer, On 29-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Suresh.P (Audit Officer, On 28-08-2021)<br>Last Updated By: Suresh.P (Audit Officer, On 29-08-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Suresh.P (Audit Officer, On 28-08-2021)<br>Last Updated By: Suresh.P (Audit Officer, On 29-08-2021) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Suresh.P (Audit Officer, On 28-08-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Suresh.P (Audit Officer, On 28-08-2021)<br>Last Updated By: Unni.P (Deputy Director, On 06-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Suresh.P (Audit Officer, On 28-08-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| PR No.1(1)/17.03.2020 | PR No.1(1)/18.02.2021 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 26-05-2021 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19442987 |
| വരവ് | 80762006 |
| ആകെ | 100204993 |
| ചെലവ് | 73424961 |
| നീക്കിയിരിപ്പ് | 26780032 |

## 1-4 ഫണ്ട് വിനിയോഗം(ACR) പ്രകാരം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | -- | 12632124 | 12632124 | 11540418 | 1091706 |
| വികസനഫണ്ട് (എസ്.സി.പി) | -- | 6672374 | 6672374 | 6647179 | 25195 |
| വികസനഫണ്ട് (ടി.എസ്.പി) | -- | -- | -- | -- | -- |
| സംരക്ഷണഗ്രാന്റ് (റോഡ്) | -- | 6806000 | 6806000 | 6755529 | 50471 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | -- | 4244631 | 4244631 | 4244631 | 0 |
| ബി ഫണ്ട് | 0 | 55378200 | 55378200 | 55378200 | 0 |
| TSC | 196501 | 422318 | 618819 | 190000 | 428819 |
| ശുചിത്വമിഷൻ | 941125 | 2606564 | 3547689 | 668666 | 2879023 |
| ഐ.സി.ഡി.എസ്., അംഗനവാടി-പോഷകാഹാരം | 110254 | 2685164 | 2795418 | 2000000 | 795418 |
| പൈക്ക | 5100000 | 0 | 5100000 | 0 | 5100000 |
| ജല നിധി | 1309044 | 1198270 | 2507314 | 1154985 | 1352329 |
| ജോയിന്റ് വെഞ്ചർ-ബ്ലോക്ക് പഞ്ചായത്ത് | 1436500 | 3483420 | 4919920 | 3483420 | 1436500 |
| ജോയിന്റ് വെഞ്ചർ-ജില്ലാ പഞ്ചായത്ത് | 0 | 500000 | 500000 | 500000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | -- | 11549646 | 11549646 | 10003969 | 1545677 |
| പെർഫോമൻസ് ഗ്രാന്റ് | -- | -- | -- | -- | -- |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധന

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കണ്ടു.

1. 2020-21 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ആകെ പ്രൊജക്ടുകളുടെ എണ്ണം, വകയിരുത്തിയ തുക , ചെലവഴിച്ച തുക, നീക്കിയിരിപ്പ് എന്നിവ ചെലവ് സ്റ്റേറ്റ്മെന്റുമായി താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

A)വികസന ഫണ്ട് -പൊതു വിഭാഗം

| മേഖല | ആകെ പ്രൊജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|

| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|---|---|---|---|---|---|
| ഉത്പാദനം | 19 | 18 | 5614600 | 3940400 | 2864360 | 2864360 | 2750240 | 1076040 |
| സേവനം | 21 | 20 | 27538304 | 9282504 | 10736434 | 8976434 | 16801870 | 306070 |
| പശ്ചാത്തലം | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 40 | 38 | 33152904 | 13222904 | 13600794 | 11840794 | 19552110 | 1382110 |

എ.സി.ആർ. പ്രകാരം ആകെ ചെലവ് 11540418 രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

B).വികസന ഫണ്ട് (എസ്.സി.പി)

| മേഖല | ആകെ പ്രൊജക്ടുകളുടെ എണ്ണം | | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | | നീക്കിയിരിപ്പ്/ ലാപ്സായ തുക | |
|---|---|---|---|---|---|---|---|---|
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| ഉത്പാദനം | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| സേവനം | 11 | 11 | 28344413 | 7723942 | 7101650 | 7101650 | 21242763 | 622292 |
| പശ്ചാത്തലം | 01 | 01 | 200000 | 200000 | 0 | 0 | 200000 | 200000 |
| ആകെ | 12 | 12 | 28544413 | 7923942 | 7101650 | 7101650 | 21442763 | 822292 |

എ.സി.ആർ. പ്രകാരം ആകെ ചെലവ് 6647179 രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

C).വികസന ഫണ്ട് (സി.എഫ്.സി ടൈഡ്)

| മേഖല | ആകെ പ്രൊജക്ടുകളുടെ എണ്ണം | | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | | നീക്കിയിരിപ്പ്/ ലാപ്സായ തുക | |
|---|---|---|---|---|---|---|---|---|
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| സേവനം | 14 | 14 | 5222000 | 4920000 | 905720 | 905720 | 4316280 | 4014280 |
| ആകെ | 14 | 14 | 5222000 | 4920000 | 905720 | 905720 | 4316280 | 4014280 |

D)വികസന ഫണ്ട് (സി.എഫ്.സി അൺടൈഡ്)

| മേഖല | ആകെ പ്രൊജക്ടുകളുടെ എണ്ണം | | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | | നീക്കിയിരിപ്പ്/ ലാപ്സായ തുക | |
|---|---|---|---|---|---|---|---|---|
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| സേവനം | 12 | 12 | 7436809 | 5406144 | 5189391 | 5189391 | 2247418 | 216753 |
| പശ്ചാത്തലം | 22 | 22 | 5653714 | 5653714 | 4814578 | 4814578 | 839136 | 839136 |
| ആകെ | 34 | 34 | 13090523 | 11059858 | 10003969 | 10003969 | 3086554 | 1055889 |

E). മെയിന്റനൻസ് ഫണ്ട് (നോൺ -റോഡ്)

| മേഖല | ആകെ പ്രൊജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|

| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|---|---|---|---|---|---|
| ഉത്പാദനം | 03 | 03 | 225000 | 225000 | 145407 | 145407 | 79593 | 79593 |
| സേവനം | 11 | 11 | 7227928 | 5742928 | 4099224 | 4099224 | 3128704 | 1643704 |
| ആകെ | 14 | 14 | 7452928 | 5967928 | 4244631 | 4244631 | 3208297 | 1723297 |

F). മെയിന്റനൻസ് ഫണ്ട് (റോഡ്)

| മേഖല | ആകെ പ്രൊജക്റ്റുകളുടെ എണ്ണം | | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | | നീക്കിയിരിപ്പ്/ ലാപ്സായ തുക | |
|---|---|---|---|---|---|---|---|---|
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| പശ്ചാത്തലം | 40 | 40 | 11190501 | 10914446 | 6755529 | 6755529 | 4434972 | 4158917 |
| ആകെ | 40 | 40 | 11190501 | 10914446 | 6755529 | 6755529 | 4434972 | 4158917 |

G). സി.എസ്.എസ്

| മേഖല | ആകെ പ്രൊജക്റ്റുകളുടെ എണ്ണം | | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | | നീക്കിയിരിപ്പ്/ ലാപ്സായ തുക | |
|---|---|---|---|---|---|---|---|---|
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| സേവനം | 10 | 10 | 13886984 | 5886984 | 2643052 | 2643052 | 11243932 | 3243932 |
| ആകെ | 10 | 10 | 13886984 | 5886984 | 2643052 | 2643052 | 11243932 | 3243932 |

G). എസ്.എസ്.എസ്

| മേഖല | ആകെ പ്രൊജക്റ്റുകളുടെ എണ്ണം | | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | | നീക്കിയിരിപ്പ്/ ലാപ്സായ തുക | |
|---|---|---|---|---|---|---|---|---|
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| ഉത്പാദനം | 02 | 02 | 141200 | 141200 | 0 | 0 | 141200 | 141200 |
| സേവനം | 01 | 01 | 210000 | 210000 | 0 | 0 | 210000 | 210000 |
| ആകെ | 03 | 03 | 351200 | 351200 | 0 | 0 | 351200 | 351200 |

വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

II. പദ്ധതിപ്പണം മുഴുവൻ ചെലവഴിച്ചില്ല. തുക ലാപ്സായി

2020-21 ലെ പദ്ധതികൾക്കായി തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഫണ്ടിനം | ലഭ്യമായ തുക (ACR പ്രകാരം) | ചെലവ് (ACR പ്രകാരം) | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 12632124 | 11540418 | 1091706 |

| | | | | |
|---|---|---|---|---|
| 2 | പ്ലാൻ ഫണ്ട് SCP | 6672374 | 6647179 | 25195 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാൻറ് (Untied) | 11549646 | 10003969 | 1545677 |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാൻറ് (Tied) | 5720000 | 905720 | 4814280 |
| 5 | മെയിന്റനൻസ് ഗ്രാന്റ് R | 6806000 | 6755529 | 50471 |
| 6 | മെയിന്റനൻസ് ഗ്രാന്റ് NR | 4244631 | 4244631 | 0 |
| | ആകെ | 47624775 | 40097446 | 7527329 |

ആകെ 84.19% തുക ചെലവഴിച്ചിട്ടുണ്ട്. ലഭ്യമായ ഗ്രാന്റുകൾ അതാത് വർഷം തന്നെ ചെലവഴിക്കുന്നില്ലെങ്കിൽ അത് നഷ്ടപ്പെടുന്ന രീതിയാണ് നിലവിൽ ഉള്ളത്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടിയിരുന്ന 7527329 രൂപ 2020-21 ൽ നഷ്ടമായിട്ടുണ്ട്. സമയക്രമം പാലിച്ച് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതും സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനും ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-5 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 192 | 97718531 | 136 | 56932694 | 0 | 56 | 70.8 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 995675 | 995675 | 987047 | 8628 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 11385854 | 11385854 | 11385854 | |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3052000 | 201 |
| വിധവാപെൻഷൻ | 17702900 | 1135 |
| വാർദ്ധക്യകാല പെൻഷൻ | 26700200 | 2014 |
| വികലാംഗ പെൻഷൻ | 7463000 | 353 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 150000 | 5 |
| 50 വയസിനു മുകളിലുള്ള അവിവാഹിത കൾക്കുള്ള പെൻഷൻ | 310100 | 20 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.08.2021 ന് 10.30 AM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ഫ്രണ്ട് ഓഫീസിലെ മുൻ

പ്രവൃത്തി ദിവസത്തെ (18.08.21) ക്യാഷ് കളക്ഷനായി ഉണ്ടായിരുന്ന 14,253/- രൂപയുടെ ആധികാരികത 18.08.21-ലെ ഡേ-ബുക്കിലെ തുകയുമായി ഒത്തു നോക്കി ഉറപ്പു വരുത്തി.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പദ്ധതി രൂപീകരണ പ്രക്രിയയിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ മുൻ വർഷം നടപ്പാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച വിലയിരുത്തലോ, പുതുതായി നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച ചർച്ചകളോ നടക്കുന്നില്ല. വിവിധ പ്രവൃത്തികളുടെ പേരുകൾ മിനട്സിൽ എഴുതിയിട്ടുണ്ട്. യോഗ മിനട്സ് വ്യക്തമായി എഴുതുകയോ കൺവീനർ ആയത് ശരിയായി ക്ലോസ് ചെയ്യുകയോ ചെയ്യുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.02.2021 | ജനവരി 2021 | 15.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09-03-20218 മുതൽ 21-03-2018 വരെ | 2012- 13 മുതൽ 2016-17 വരെ | 02-07-2018 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1.സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമാക്കിയ വസ്തു നികുതി സംബന്ധിച്ച പത്രികയിലെ ഡിമാന്റ്, കളക്ഷൻ, തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളിൽ നിന്നും ചുവടെ കാണും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | | AFS പ്രകാരം | സഞ്ചയ പ്രകാരം |
|---|---|---|---|
| ഡിമാന്റ് | തൻവർഷം | 5717907 | 5717452 |
| | കുടിശ്ശിക | 212069 ( As Per 2019-20 B-15 Scheule) | 236787 |
| | ആകെ | 5929976 | 5954239 |
| കളക്ഷൻ | തൻവർഷം | 5382726 | 5409674 |
| | കുടിശ്ശിക | 211385 | 211385 |
| | Book Adjustments | - | 70265 |
| | ആകെ | 5594111 + Book Adjestment 70265= 5664376 | 5691324 |
| ബാലൻസ് | തൻവർഷം | 278161 | 266454 |
| | കുടിശ്ശിക | 26673 | 25675 |
| | ആകെ | 304834- LC 14772 = 290062 | 292129 (ആകെ വസ്തു നികുതി കുടിശ്ശിക 291360 എന്നാണ് DCBയിൽ രേഖപ്പെടുത്തിയിരിക്കുന്നത്) |

ലൈബ്രറി സെസ്സ് ഇനത്തിലും ആയതിനാൽ വ്യത്യാസമുണ്ട്.

2. തൊഴിലുറപ്പ് പദ്ധതി - ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് പ്രകാരം ഭരണച്ചെലവ് (987047),തൊഴിലാളികൾക്ക് നേരിട്ട് നൽകിയ കൂലിച്ചെലവ്(11385854), നൂറുദിന ബോണസ് (123000) എന്നിവ കൂടി ആകെ 12495901 രൂപയാണ്. എന്നാൽ I-6 ഷെഡ്യൂൾ പ്രകാരമുള്ള തുക 14771314 രൂപയാണ്.

3. സാമൂഹ്യക്ഷേമ പെൻഷൻ രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ പത്രിക പ്രകാരമുള്ള വിവരം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | പത്രിക പ്രകാരം | വാർഷികക്കണക്ക് |
|---|---|---|
| വാർദ്ധക്യ കാല പെൻഷൻ | 34483400 | 26700200 |
| കർഷക തൊഴിലാളി പെൻഷൻ | 3889800 | 3052000 |
| വിധവാ പെൻഷൻ | 22460400 | 17702900 |
| വിവാഹിതരല്ലാത്ത 50 വയസ്സിനു മകളിലുള്ള സ്ത്രീകൾക്ക് ധനസഹായം | 393700 | 310100 |
| വികലാംഗ പെൻഷൻ | 9562400 | 7463000 |

4. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം എംപ്ലോയീസ് തൊഴിൽ നികുതിയിൽ 5850 രൂപ കുടിശ്ശികയുണ്ട്. 2019-20 ബാലൻസ് ഷീറ്റ് പ്രകാരം കുടിശ്ശികയില്ല. എന്നാൽ 2020-21ലെ റസീപ്റ്റ് &പേയ്മെന്റ് പത്രിക പ്രകാരം പ്രസ്തുത തുക കളക്ഷൻ ഉണ്ട്.

5.തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൻവർഷം 18200 രൂപയുടെ കുടിശ്ശികയുണ്ട്. എന്നാൽ തൻവർഷ ബാലൻസ് ഷീറ്റ് പ്രകാരം കുടിശ്ശികയില്ല.

6. വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ ബി 11 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യം തേയ്മാനം രേഖപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം തേയ്മാന മൂല്യം കണക്കാക്കുന്നതിന് ആധാരമാക്കിയ ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുസ്സ് എന്നിവയെ സംബന്ധിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. മേൽ നടപടി ക്രമങ്ങൾക്ക് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനുമതി ലഭിച്ചതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

7. ആസ്തി രജിസ്റ്റർ പൂർണ്ണ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

8. മുൻ വർഷത്തെ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല

2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ , ചില സ്ഥാപനങ്ങളിലെ ചില ജീവനക്കാരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതി ഒന്നാം അർദ്ധ വർഷത്തിൽ ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര്, തസ്തിക | സ്ഥാപനം | കുറിപ്പ് |
|---|---|---|---|
| 1 | ശ്രീ. ശ്രീഹരി ബി, സീനിയർ ക്ലർക്ക് | പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് | ടിയാൻ 29.07.2020ന് ആണ് റിലീവ് ചെയ്തതായി കാണുന്നത്. എന്നാൽ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയത് സംബന്ധിച്ച വിവരം ലഭ്യമല്ല. |
| 2 | ശ്രീ. ബാലചന്ദ്രൻ എം, ക്ലർക്ക് | പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് | ടിയാൻ 31.05.2020ന് ആണ് റിലീവ് ചെയ്തതായി കാണുന്നത്. എന്നാൽ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയത് സംബന്ധിച്ച വിവരം ലഭ്യമല്ല. |
| 3 | ശ്രീമതി. ശോഭ എസ്, ജൂനിയർ സൂപ്രണ്ട് | പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് | ടിയാരി 14.06.2020ന് ആണ് റിലീവ് ചെയ്തതായി കാണുന്നത്. എന്നാൽ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയത് സംബന്ധിച്ച വിവരം ലഭ്യമല്ല. |
| 4 | ശ്രീമതി. അനില, ജൂനിയർ സൂപ്രണ്ട് | പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് | ടിയാരി 18.06.2020ന് ആണ് റിലീവ് ചെയ്തതായി കാണുന്നത്. എന്നാൽ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയത് സംബന്ധിച്ച വിവരം ലഭ്യമല്ല. |
| 5 | ശ്രീ. വാസുദേവൻ പരതി, പി.റ്റി.സി.എം | ജി.എൽ.പി.എസ് പെരുവള്ളൂർ | ടിയാൻ 18.06.2020ന് ആണ് റിലീവ് ചെയ്തതായി കാണുന്നത്. എന്നാൽ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയത് സംബന്ധിച്ച വിവരം ലഭ്യമല്ല. |
| 6 | ശ്രീമതി. സംഗീത എസ്, ക്ലർക്ക്. | ജി.എച്ച്.എസ്.എസ് പെരുവള്ളൂർ | ടിയാരി ട്രാൻസ്ഫർ ആയ തിയതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയത് സംബന്ധിച്ച വിവരം ലഭ്യമല്ല. |
| 7 | ശ്രീമതി. ലത എസ് | ജി.എച്ച്.എസ്.എസ് | ടിയാരി രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയത് |

| | | |
|---|---|---|
| | നായർ , എച്ച്.എസ്.ടി പെരുവള്ളൂർ കണക്ക് | സംബന്ധിച്ച വിവരം രജിസ്റ്ററിൽ ലഭ്യമല്ല. |

മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതികൾ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.01/26.08.2021ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ പട്ടികയിലെ ക്രമനം.2 പ്രകാരമുള്ള വ്യക്തിയിൽ നിന്നും തൊഴിൽ നികുതി 450/- രൂപ 03.09.2021ലെ 121040101346 നമ്പർ രസീത് പ്രകാരം ഈടാക്കിയതായും മറ്റുള്ളവരെ വിവരം അറിയിച്ചതായും തുക അടവാക്കുന്ന മുറക്ക് വിവരം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഈടാക്കാനവശേഷിക്കുന്ന തൊഴിൽ നികുതികൾ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-13 പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

പ്രോജക്റ്റ്: 17/21

നിർവ്വഹണം : വി.ഇ.ഒ.

ഫണ്ട്: വികസന ഫണ്ട്(SCP)

എസ്.സി.വിദ്യാർത്ഥികൾക്ക് പഠന മുറി എന്ന പ്രോജക്റ്റ് പ്രകാരം ധനസഹായം ഭാഗികമായി കൈപ്പറ്റിയ 2 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | ബിൽ/ചെക്ക് നം.തീയതി | കൈപ്പറ്റിയ തുക |
|---|---|---|
| ശ്രീമതി.മിനി കൊടിഞ്ഞൻ W/O ചന്ദ്രൻ, ചുള്ളിയാലപ്പുറ കോളനി,ഒളകര | 10/20-21/ 31.12.20 | 50,000 |
| | 37/20-21/31.03.21 | 55,000 |
| | ആകെ | 1,05,000 |
| ശ്രീമതി. ഷൈജി.പി, W/O വേലായുധൻ, പൊലിയോടത്ത്, ഓട്ടപ്പിലാക്കൽ, ഒളകര | 18/20-21/09.02.21 | 50,000 |
| | 35/20-21/ 26.03.21 | 75,000 |
| | ആകെ | 1,25,000 |

ഓഡിറ്റ് എൻക്വയറി( നം. 23 /13.9.21) നൽകിയെങ്കിലും പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. വിവരം ലഭ്യമാക്കേണ്ടതാണ്

## 1-14 ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ വാങ്ങൽ നടത്തി

നിർവ്വഹണം : മെഡിക്കൽ ഓഫീസർ-സി.എച്ച്.സി

പദ്ധതി നം. : 67/20-21 പാലിയേറ്റീവ് പരിചരണം

അടങ്കൽ: : 900000/-(₹450000-വികസന ഫണ്ട്-ജനറൽ+₹450000-തനത് ഫണ്ട്)

ചെലവ് വിവരം : 899096/-(₹449996/-വികസന ഫണ്ട്-ജനറൽ+₹449100-തനത് ഫണ്ട്)

തനത് ഫണ്ടിൽ നിന്നുള്ള ₹449100/-വിവിധ ചെക്കുകൾ പ്രകാരം ഹൊണറേറിയം, വാഹന വാടക, മറ്റ് ചെലവുകൾ ചെയ്തതാണ്. വികസന ഫണ്ടിൽ നിന്നുള്ള ₹449996/-രൂപയുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നമ്പർ/തിയതി | തുക | ഉദ്ദേശം |
|---|---|---|---|
| 1 | 01/2020-21/12.01.2021 | 20,000/- | പാലിയേറ്റീവ് മരുന്നുകൾ |
| 2 | 02/2020-21/30.01.2021 | 375000/- | പാലിയേറ്റീവ് മരുന്നുകൾ |
| 3 | 03/2020-21/29.03.2021 | 54996/- | പാലിയേറ്റീവ് ഉപകരണങ്ങൾ |
| ആകെ | | 449996/- | |

മേൽ ബില്ലുകൾ പ്രകാരമുള്ള ചെലവ് രേഖകൾ ഹാജരാക്കിയത് പരിശോധിച്ചതിൽ, പട്ടികയിലെ ക്രമ നം. 2 പ്രകാരമുള്ള 375000/-രൂപ വിവിധ മരുന്നുകൾ ലഭ്യമാക്കുന്നതിനായി കെ.എം.എസ്.സി.എൽ-ന് നൽകിയതും ക്രമ നം.3

പ്രകാരമുള്ള 54996/-രൂപക്ക് പാലിയേറ്റീവിന് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയതുമാണ് .

പട്ടികയിലെ ക്രമ നം.1 പ്രകാരമുള്ള 20,000/-രൂപ, സഹാറ ഫർണ്ണിച്ചർ കാടപ്പടി എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ 410/12.10.2020, 455/19.10.2020 എന്നിവ പ്രകാരം യഥാക്രമം വുഡൺ ഓഫീസ് ടേബിൾ(₹10200/-), സ്റ്റീൽ ബുക്ക് ഷെൽഫ്(₹10000/-) എന്നിവ വാങ്ങിയതിന് ശ്രീ.ഷാജിദ് പൂവിൽ എന്ന വ്യക്തിക്ക് (അക്കൗണ്ട് നം.67201589034, SBIN0070635) നൽകിയിട്ടുണ്ട്. 01.10.2020ന് ശ്രീമതി.സുനന്ദ എ, പരിരക്ഷ നഴ്സ് നൽകിയ ആവശ്യകത കത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ സാധനങ്ങൾ വാങ്ങി നൽകിയത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ-ജി.ഒ(പി) നം. 259/2010/ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരം 5000 രൂപക്ക് മുകളിലും 25000 രൂപക്ക് താഴെയുമുള്ള ചെലവുകൾക്കും, സ്റ്റോർ പർച്ചേസ് മാന്വൽ 2013- ജി.ഒ(പി) നം. 03/2013/എസ്.പി.ഡി തിയതി 21.06.2013 പ്രകാരം 15000/-രൂപ മുതൽ 100000 രൂപ വരെയുള്ള ചെലവുകൾക്കും ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ രണ്ട് ഉത്തരവിലും വ്യക്തമാക്കിയത് പ്രകാരം ആവശ്യം വിലയിരുത്തിയ ശേഷം ഓരോ ഇനത്തിനും കൃത്യവും അനുയോജ്യവുമായ സ്പെസിഫിക്കേഷൻ രൂപീകരിച്ച് ടെണ്ടർ/ക്വട്ടേഷൻ നടപടികളിലേക്ക് കടക്കേണ്ടതും ആവശ്യമായ സാമഗ്രികളുടെ കൃത്യമായ ഇനം, അളവ്, പാക്കിംഗ് മുതലായവ വ്യക്തമായി സൂചിപ്പിച്ച് സ്പെസിഫിക്കേഷനുകൾ തയ്യാറാക്കി ടെണ്ടർ/ക്വട്ടേഷൻ നോട്ടീസിൽ വ്യക്തമായി ഉൾപ്പെടുത്തേണ്ടതുമാണ്.

എന്നാൽ പദ്ധതി പ്രകാരമുള്ള വാങ്ങലിന് ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.10/07.09.2021ന് മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ, ശ്രീമതി. സുനന്ദ, പാലിയേറ്റീവ് നഴ്സ് രണ്ട് ദിവസങ്ങളിലായിട്ടായിരുന്നു സാധനങ്ങൾ വാങ്ങുന്നതിന് റിക്വസ്റ്റ് നൽകിയിരുന്നത് എന്നും ഒരു റിക്വസ്റ്റ് കൈമോശം വന്നു പോയിട്ടുണ്ടെന്നുമാണ് വ്യക്തമാക്കിയത്.
പദ്ധതികളാവിഷ്കരിക്കുമ്പോൾ തന്നെ മുൻവർഷത്തെ സ്റ്റോക്കും വരുന്ന വർഷത്തേക്കുള്ള ആവശ്യകതയും പരിശോധിക്കേണ്ടതും ശേഷം ഒരേ തരം സാധനങ്ങൾ ആവശ്യമായി വരുന്ന പക്ഷം ആയതിനെല്ലാം കൂടിയാണ് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതെന്നും മേൽ പരാമർശിച്ച രണ്ട് ഉത്തരവുകളിലും വ്യക്തമാക്കുന്നുണ്ട്. 01.10.2020നാണ് ശ്രീമതി.സുനന്ദ എ റിക്വസ്റ്റ് നൽകിയത് എന്നതും ആയതിന് ശേഷം 12.10.2020, 19.10.2020 എന്നീ തിയ്യതികളിലാണ് ഫർണ്ണിച്ചറുകൾ വാങ്ങിയത് എന്നതിനാലും ലഭ്യമാക്കിയ മറുപടി പൂർണ്ണമായും അംഗീകരിക്കാവുന്നതല്ല. ക്വട്ടേഷൻ നടപടികൾ ഒഴിവാക്കുന്നതിന് വേണ്ടിയാണ് രണ്ട് വാങ്ങലുകൾ നടത്തിയത് എന്ന് അനുമാനിക്കാവുന്നതാണ് . സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ച് കൊണ്ട് മാത്രമേ വാങ്ങലുകൾ നടത്താവൂ. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ചെലവ് തുകക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

1. പാലിയേറ്റീവ് പരിചരണം-മരുന്നുകൾ ലഭ്യമായില്ല

നിർവ്വഹണം : മെഡിക്കൽ ഓഫീസർ-സി.എച്ച്.സി

പദ്ധതി നം. : 67/20-21 പാലിയേറ്റീവ് പരിചരചണം

അടങ്കൽ: : 900000/-(₹450000-വികസന ഫണ്ട്-ജനറൽ+₹450000-തനത് ഫണ്ട് )

ചെലവ് വിവരം : 899096/-(₹449996/-വികസന ഫണ്ട്-ജനറൽ+₹449100-തനത് ഫണ്ട് )

തനത് ഫണ്ടിൽ നിന്നുള്ള ₹449100/-വിവിധ ചെക്കുകൾ പ്രകാരം ഹൊണറേറിയം, വാഹന വാടക, മറ്റ് ചെലവുകൾ ചെയ്തതാണ്. വികസന ഫണ്ടിൽ നിന്നുള്ള ₹449996/-രൂപയുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നമ്പർ/തിയതി | തുക | ഉദ്ദേശം |
|---|---|---|---|
| 1 | 01/2020-21/12.01.2021 | 20,000/- | പാലിയേറ്റീവ് മരുന്നുകൾ |
| 2 | 02/2020-21/30.01.2021 | 375000/- | പാലിയേറ്റീവ് മരുന്നുകൾ |
| 3 | 03/2020-21/29.03.2021 | 54996/- | പാലിയേറ്റീവ് ഉപകരണങ്ങൾ |
| ആകെ | | 449996/- | |

മേൽ ബില്ലുകൾ പ്രകാരമുള്ള ചെലവ് രേഖകൾ ഹാജരാക്കിയത് പരിശോധിച്ചതിൽ, പട്ടികയിലെ ക്രമ നം.1 പ്രകാരമുള്ള 20,000/-രൂപയുടെ ചെലവ് ഷെൽഫും വുഡൺ ടേബിളും വാങ്ങിയതും ക്രമ നം.3 പ്രകാരമുള്ള 54996/-രൂപക്ക് പാലിയേറ്റീവിന് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയതുമാണ് .

പട്ടികയിലെ ക്രമ നം.2 പ്രകാരമുള്ള 375000/-രൂപ വിവിധ മരുന്നുകൾ ലഭ്യമാക്കുന്നതിനായി പ്രൊഫോമ ഇൻവോയ്സ് നം.3871/13.12.2020 (₹3,50,000), പ്രൊഫോമ ഇൻവോയ്സ് നം.4090/28.12.2020 (₹25,000) എന്നിവയുടെ

അടിസ്ഥാനത്തിൽ കെ.എം.എസ്.സി.എൽ-ന് നൽകിയതാണ്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടില്ല.

2. മരുന്നുകൾ ലഭ്യമായില്ല

നിർവ്വഹണം : മെഡിക്കൽ ഓഫീസർ-സി.എച്ച്.സി

പദ്ധതി : 158/20-21 അത്യാവശ്യ മരുന്നുകൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് വാങ്ങി നൽകൽ

അടങ്കൽ: : 1,00,000/-തനത് ഫണ്ട്

ചെലവ് വിവരം : 1,00,000/- , ചെക്ക് നമ്പർ 2167916/09.09.2020

ചെലവ് തുക വിവിധ മരുന്നുകൾ ലഭ്യമാക്കുന്നതിനായി പ്രൊഫോമ ഇൻവോയ്സ് നം. 1727/05.08.2020 ന്റെ അടിസ്ഥാനത്തിൽ കെ.എം.എസ്.സി.എൽ-ന് നൽകിയതാണ്. എന്നാൽ ഇൻവോയ്സ് നമ്പർ 1431/15.05.2021 പ്രകാരം 62530/-രൂപയുടെയും, ഇൻവോയ്സ് നമ്പർ 32411/16.02.2021 പ്രകാരം 27689/-രൂപയുടെയുമായി ആകെ 90219/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിക്കാണുന്നത്. ശേഷിക്കുന്ന 9781/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.
അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.11/07.09.2021ന് മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കി അറിയിക്കുന്നതാണ് എന്നാണ് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പ്രൊഫോമ ഇൻവോയ്സ് നം.4090/28.12.2020 (₹25,000) പ്രകാരമുള്ള മരുന്നുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 ചെലവ് തുകക്കുള്ള ആയുർവ്വേദ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.

നിർവ്വഹണം : മെഡിക്കൽ ഓഫീസർ-ആയുർവ്വേദം

പദ്ധതി നം. : 30/20-21 ഗവ.ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ: : 7,50,000/-(മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്)

ചെലവ് വിവരം : ബിൽ നമ്പർ 01/2020-21/22.10.2020, ₹7,50,000/-

പദ്ധതി ഫയൽ പരിശോധിച്ചതിൽ, ഔഷധിയുടെ പ്രഫോമ ഇൻവോയ്സ് നമ്പർ 103196/11.06.2020 പ്രകാരം വിവിധ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ആകെ 7,50,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്ത ഇൻവോയ്സുകൾ പ്രകാരം ആകെ 747837/-രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്.

| ക്രമ നം | ഇൻവോയ്സ് നമ്പർ/തിയതി | തുക |
|---|---|---|
| 1 | 90191476/14.12.2020 | 191910/- |
| 2 | 90193681/31.12.2020 | 283281/- |
| 3 | 90197572/31.01.2021 | 191815/- |
| 4 | 90201163/28.02.2021 | 46886/- |
| 5 | 90206514/31.03.2021 | 14205/- |
| 6 | 90213861/28.06.2021 | 19740/- |
| 7 | 90222843/02.09.2021 | 1796/- |
| ആകെ | | 749633/- |

അവശേഷിക്കുന്ന 367/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.09/07.09.2021ന് ആയുർവ്വേദ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുക്കുന്നതാണെന്ന് അറിയിച്ചു.

## 1-17 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -അപാകതകൾ

പദ്ധതി: 120/20-21 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്.

അടങ്കൽ: 600000/-വികസന ഫണ്ട്-എസ്.സി.പി,

ചെലവ് : ₹582162/-ബിൽ നം.03/08.05.2020

2020-21 സാമ്പത്തിക വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം കെൽട്രോൺ വഴി കേരള സ്റ്റേറ്റ് ഐ.ടി മിഷനിൽ നിന്നും ഒരെണ്ണത്തിന് 27722/- രൂപ വിലയുള്ള 21 ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. മേൽ

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചുവടെ ചേർത്ത, പാരലൽ കോളേജുകളിൽ പഠിക്കുന്ന നാല് വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ഹാജരാക്കാതെയാണ് ലാപ്ടോപ്പുകൾ അനുവദിച്ചത്.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന സ്ഥാപനം,കോഴ്സ് |
|---|---|---|
| 1 | വിബിൻദാസ് കെ | പരപ്പനങ്ങാടി കോപ്പറേറ്റീവ് കോളേജ്, ബി.എ എക്കണോമിക്സ് |
| 2 | അക്ഷയ് പി.എസ് | കോപ്പറേറ്റീവ് ആർട്സ്&കൊമേഴ്സ് കോളേജ്, പള്ളിക്കൽ, ബി.എ. സോഷ്യോളജി |
| 3 | ശ്രീനിഷ എൻ.കെ | - ടി - |
| 4 | ജിൻസി കെ.പി | - ടി - |

2. ബിൽ പ്രകാരമുള്ള സ്പെസിഫിക്കേഷനോട് കൂടിയ ലാപ്ടോപ്പുകൾ തന്നെയാണ് വിദ്യാർത്ഥികൾക്ക് ലഭ്യമായത് എന്നത് ഉറപ്പ് വരുത്തുന്നതിന്, വിദ്യാർത്ഥികളിൽനിന്നും ആയത് വ്യക്തമാക്കുന്ന കൈപ്പറ്റ് ലഭ്യമാക്കിയിട്ടില്ല. വിദ്യാർത്ഥികൾ രജിസ്റ്ററിൽ പേരെഴുതി ഒപ്പ് വെക്കുക മാത്രമാണ് ചെയ്തത്.

3. പട്ടികജാതി വികസന ഓഫീസറിൽ നിന്നും/ വകുപ്പിൽ നിന്നും ലാപ്ടോപ്പ് നൽകിയിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4. വാങ്ങൽ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.12/07.09.2021ന് ഹെഡ്മാസ്റ്റർ ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ലഭ്യമാകുന്ന മുറക്ക് സമർപ്പിക്കുന്നതാണെന്നാണ് ബോധിപ്പിച്ചത്. യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്, അല്ലാത്ത പക്ഷം മേൽ നാല് വിദ്യാർത്ഥികൾക്ക് നൽകിയ ലാപ്ടോപ്പുകളുടെ വിലയായ 110888/-രൂപ(4x27722) തിരികെ അടവാക്കി അറിയിക്കേണ്ടതും മറ്റ് അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-18 തുല്യത പരീക്ഷ ഫീസ് അടവാക്കൽ-കൈപ്പറ്റ്, മറ്റ് വിവരങ്ങൾ ലഭ്യമല്ല

2020-21 സാമ്പത്തിക വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതി പ്രകാരം കേരള സാക്ഷരത മിഷന് ചുവടെ ചേർത്ത പ്രകാരം പണം അടവാക്കിയിട്ടുണ്ട്.

| പദ്ധതിയുടെ പേര്, നമ്പർ | തുക | ബിൽ/ചെക്ക് നമ്പർ |
|---|---|---|
| തുല്യത പരീക്ഷ ഫീസ് അടവാക്കൽ, 94/20-21 | അടങ്കൽ: 146000/- വികസന ഫണ്ട് ജനറൽ ചെലവ്: 145250/- | TSB-2167985/27.03.21 |

1. മേൽ തുകകൾ കൈപ്പറ്റിയത് സംബന്ധിച്ച് സാക്ഷരത മിഷനിൽ നിന്നുള്ള കൈപ്പറ്റുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെയോ പാസ്സായതിന്റെയോ മറ്റോ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.13/07.09.2021ന് ഹെഡ്മാസ്റ്റർ ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ലഭ്യമാകുന്ന മുറക്ക് സമർപ്പിക്കുന്നതാണെന്നാണ് ബോധിപ്പിച്ചത്. വിവരങ്ങൾ ലഭ്യമാക്കേണ്ടതും സാക്ഷരത മിഷനിൽ നിന്നുള്ള കൈപ്പറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. ആയത് ഹാജരാക്കുന്നത് വരെ ചെലവ് തുക 145250/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-19 വായനശാലകൾക്ക് ദിനപത്രം നൽകൽ-അപാകതകൾ

വായനശാലകൾക്ക് ദിനപത്രം നൽകൽ എന്ന പേരിൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ രണ്ട് പദ്ധതി ചെലവുകളായി ആകെ 50760/-രൂപ ശ്രീ.മുഹമ്മദ് മുസ്തഫ എന്ന പത്ര ഏജന്റിന് നൽകിയിട്ടുണ്ട് വിശദ വിവരം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്, നമ്പർ | തുക | ബിൽ/ചെക്ക് നമ്പർ |
|---|---|---|---|
| 1 | വായനശാലകൾക്ക് ദിനപത്രം നൽകൽ, 95/20-21 | അടങ്കൽ: 50000/- തനത് ഫണ്ട്, ചെലവ്: 25760-/- | TSB2167986/29.03.2021 |
| 2 | 177/2020-21വായനശാലകൾക്ക് ദിനപത്രം നൽകൽ | അടങ്കൽ: 25000/- തനത് ഫണ്ട്, ചെലവ്: 25000-/- | TSB2167986/29.03.2021 |

ശ്രീ.മുഹമ്മദ് മുസ്തഫ, പത്ര ഏജന്റിന്റെ 27.03.2020ലെ അപേക്ഷ പ്രകാരം വിവിധ ലൈബ്രറികളിലെ പത്രങ്ങൾക്ക് ചുവടെ ചേർത്ത പ്രകാരമുള്ള തുകകളാണ് ആവശ്യപ്പെട്ടത്.

| ക്രമ നം | ലൈബ്രറിയുടെ പേര് | പത്രത്തിന്റെ പേര് | വരിസംഖ്യ/തുക നൽകിയ കാലയളവ് | ആവശ്യപ്പെട്ട തുക |
|---|---|---|---|---|
| 1 | കസാവേ | മാതൃഭൂമി, ചന്ദ്രിക | മാർച്ച് 2018 മുതൽ ഫെബ്രുവരി 2020 വരെ | 5640+5640 |
| 2 | കസാക് | മാതൃഭൂമി, ചന്ദ്രിക | മാർച്ച് 2018 മുതൽ ഫെബ്രുവരി 2020 വരെ | 5640+5640 |
| 3 | മരക്കാർ ഹാജി | മാതൃഭൂമി, ചന്ദ്രിക | മാർച്ച് 2018 മുതൽ ഫെബ്രുവരി 2020 വരെ | 5640+5640 |
| 4 | ജന രക്ഷ | മാതൃഭൂമി, ചന്ദ്രിക | മാർച്ച് 2018 മുതൽ ഫെബ്രുവരി 2020 വരെ | 5640+5640 |
| 5 | മലർവാടി | മാതൃഭൂമി, ചന്ദ്രിക | ജൂലൈ 2019 മുതൽ ഫെബ്രുവരി 2020 വരെ | 1850+1850 |
| 6 | ജനചേതന | മനോരമ, മാധ്യമം | 14.06.2015 മുതൽ ഫെബ്രുവരി 2020 വരെ | 12085+12085 |
| ആകെ | | | | 72990/- |

<u>അപാകതകൾ</u>

1. ശ്രീ.മുഹമ്മദ് മുസ്തഫ, പത്ര ഏജന്റ് ആകെ 72990 രൂപയാണ് ആവശ്യപ്പെട്ടത്, എന്നാൽ മേൽ രണ്ട് പദ്ധതികൾ പ്രകാരം 50760/-രൂപയാണ് നൽകിയത്. ഏതെല്ലാം പത്രങ്ങളുടെ ഏതെല്ലാം മാസങ്ങളിലെ തുകയാണ് നൽകിയത് എന്നതും ഇനി നൽകാനുള്ളത് എന്നതും വ്യക്തമല്ല.

2. ദിനപത്രങ്ങളുടെ വരിസംഖ്യ യഥാസമയം/അതാത് വർഷമെങ്കിലും നൽകാതെ കുടിശ്ശികയാവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

3. 2015 മുതലുള്ള പത്രങ്ങളുടെ വില നിർണ്ണയിച്ചത് എന്തടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കേണ്ടതാണ്. ഇൻവോയ്സ് പ്രകാരം 14.06.2015 മുതൽ ഫെബ്രുവരി 2020 വരെ ആകെ 12085/-രൂപ എന്നാണ് രേഖപ്പെടുത്തിയത്. 2015ലും 2020ലും വിലയിൽ കാര്യമായ മാറ്റമുണ്ടാകുന്നതാണ്. മുൻവർഷങ്ങളിലെ വരിസംഖ്യകൾ മുൻപ് അടവാക്കിയിരുന്നതാണോ എന്നത് വ്യക്തമല്ല/പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4. മേൽ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ പ്രൊജക്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.14/07.09.2021ന് ഹെഡ്മാസ്റ്റർ ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ലഭ്യമാകുന്ന മുറക്ക് സമർപ്പിക്കുന്നതാണെന്നാണ് ബോധിപ്പിച്ചത്. ഇത് ശരിയായ നടപടിയല്ല, അപാകതകൾ പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതിന് പകരം രേഖകൾ ലഭ്യമാകുന്ന മുറക്ക് സമർപ്പിക്കുന്നതാണെന്നാണ് അറിയിച്ചത്. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## <u>1-20 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം</u>

അസിസ്റ്റന്റ് എഞ്ചിനിയർ 2020-21 ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I. പദ്ധതി രൂപീകരണം

പദ്ധതി രൂപീകരണ പ്രക്രിയയുടെ പ്രധാന ഭാഗമായ വർക്കിംഗ് ഗ്രൂപ്പ് 2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിനായി ആകെ രണ്ട് യോഗം ചേർന്നതായാണ് കാണുന്നത്. മുൻ വർഷം നടപ്പാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച വിലയിരുത്തലോ, പുതുതായി നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച ചർച്ചകളോ നടന്നിട്ടില്ല. എന്നാൽ വിവിധ പ്രവൃത്തികളുടെ പേരുകൾ മിനുട്സിൽ എഴുതിയിട്ടുണ്ട്. യോഗ മിനുട്സ് വ്യക്തമായി എഴുതുകയോ കൺവീനർ മിനുട്സ് ശരിയായി ക്ലോസ് ചെയ്യുകയോ ചെയ്യുന്നില്ല.

II. പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല.

2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 94 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 68 പ്രൊജക്ടുകളിലായി ആകെ 19430074 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 94 | ആകെ അടങ്കൽ | 31657846 |
| നടപ്പിലാക്കിയത് | 68 | ചെലവ് | 19317987 |
| ശതമാനം | 72 | ചെലവ് ശതമാനം | 61 |

III. റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

IV. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പഞ്ചായത്തിന്റെ പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റു സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതു മരാമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. എന്നാൽ കാലാവധി ദീർഘീകരണം നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ എന്നിവയിൽ പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ പഞ്ചായത്തിൽ പാലിക്കുന്നില്ല എന്ന് കാണുന്നു.

<u>കാലാവധി ദീർഘീകരണം (Extension Of Time) & പിഴ</u>

പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ്സ് പീരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരന്റെ പിഴവ് മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണൊ കുറവ് അത് ) ഒറ്റത്തവണ ദീർഘിപ്പിച്ചുനൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവർത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ (പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012/PWD/01.02.2012), സെക്ഷൻ 2112 പ്രകാരം).

എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് 2012 PWD മാന്വലിലെ മേൽ നിബന്ധനകൾ അല്ല പഞ്ചായത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ചമക്കുന്ന കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

<u>പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.</u>

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ പിഴ സംബന്ധിച്ച് പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

തുടർന്നുള്ള വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികളിൽ മേൽ പറയുന്ന കാര്യങ്ങൾ കൂടി പാലിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല

2020-21 വർഷത്തിൽ പഞ്ചായത്തിൽ 15 പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്തിട്ടുണ്ട്. ഈ ടെണ്ടറുകളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ ₹99997 നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇത് മലപ്പുറം

എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ആണ് ഉള്ളത് എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്.

ഇ ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതാണ് പഞ്ചായത്തിന്റെ തനത് വരുമാനമായി ലഭിക്കേണ്ട പണം നാളിതുവരെ ലഭിക്കാത്തതിന് കാരണം .

സർക്കാർ ഉത്തരവ് പ്രകാരം തുടർ നടപടി സ്വീകരിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതും നാളിതുവരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക കണക്കാക്കി അത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്ന് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-23 നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചയാത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ ഈ ചട്ടങ്ങളിലെ ചട്ടം 10 ൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

ടെണ്ടർ തുറക്കുമ്പോൾ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടികൾ താഴെ പറയും പ്രകാരം ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്.

* ഓരോ ടെണ്ടറിലും അത് നൽകിയ ആൾ വരുത്തിയിട്ടുള്ളതും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവക്കുനേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ഉണ്ടെങ്കിൽ ആ തിരുത്തലുകളെപ്പറ്റി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. [ചട്ടം 10 (7) ]

* ടെണ്ടർ തുറക്കുന്നയാൾ ടെണ്ടറിൽ സ്വന്തം കൈപ്പടയിൽ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പ് വയ്ക്കേണ്ടതാണ് [ ചട്ടം 10(8) ]

പഞ്ചായത്തിൽ തൻവർഷം മാന്വൽ ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ ചട്ടം10 (7) പരാമർശിക്കുന്ന നിർദ്ദേശം പാലിക്കുന്നില്ല. വെട്ടിത്തിരുത്തലുകൾ ഉള്ള ടെണ്ടറിലും തിരുത്തലുകൾ ഇല്ല എന്നാണ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്.

ടെണ്ടർ തുറക്കുമ്പോൾ ചട്ടങ്ങളിൽ നിർദ്ദേശിച്ച കാര്യങ്ങൾ പൂർണ്ണമായി പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-25 GLPS പറമ്പിൽ പീടിക റിപ്പയർ - GI പൈപ്പ് പ്രവൃത്തിക്ക് ഉയർന്ന നിരക്ക് നൽകി, 61432 രൂപ നഷ്ടം

2020-21 വർഷത്തിൽ നടപ്പാക്കിയ GLPS പറമ്പിൽ പീടിക കെട്ടിടം റിപ്പയർ പ്രവൃത്തി(35/21)യിൽ കെട്ടിടത്തിന്റെ മേൽക്കൂര GI പൈപ്പ് ഉപയോഗിച്ച് നിർമ്മിച്ചതിന് ഉയർന്ന നിരക്ക് നൽകിയത് മൂലം 61432 രൂപ പഞ്ചായത്തിന് അധികച്ചെലവുണ്ടായി.

ചെലവ് 941785 ( ₹773214 -201506520034800909473/07.01.2021, ₹168571 -

20150652003480071836/11.11.2020 )

സ്കൂൾ കെട്ടിടത്തിന് മേൽക്കൂര നവീകരിച്ച് ഓട് മേയുന്നതിന് GI പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തിയിൽ സിംഗിൾ സെക്ഷൻ പ്രവൃത്തികളായ വാൾ പ്ലേറ്റ്, കോമൺ റാഫ്റ്റർ എന്നിവയ്ക്ക് ബിൽറ്റപ്പ് സെക്ഷൻ (ട്രസ്സ്) പ്രവൃത്തിയുടെ ഉയർന്ന

നിരക്ക് അനുവദിച്ച് നൽകിയത് മൂലമാണ് മേൽ പരാമർശിച്ച നഷ്ടം ഉണ്ടായത്.

വിശദ വിവരം ഖണ്ഡിക 3-1 ആയി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-26 നടുക്കര സ്കൂൾ കെട്ടിടം റിപ്പയർ - GI പൈപ്പ് പ്രവൃത്തിക്ക് ഉയർന്ന നിരക്ക് നൽകി, 31282 രൂപ നഷ്ടം

2020-21 വർഷത്തിൽ നടപ്പാക്കിയ നടുക്കര സ്കൂളിന് കെട്ടിടം റിപ്പയർ പ്രവൃത്തി(147/21)യിൽ കെട്ടിടത്തിന്റെ മേൽക്കൂര GI പൈപ്പ് ഉപയോഗിച്ച് നിർമ്മിച്ചതിന് ഉയർന്ന നിരക്ക് നൽകിയത് മൂലം 31282 രൂപ പഞ്ചായത്തിന് അധികച്ചെലവുണ്ടായി.

ചെലവ് 599593( ₹450000 -24/17.08.2020, ₹149593 - 12/16.05.2020 )

സ്കൂൾ കെട്ടിടത്തിന് മേൽക്കൂര നവീകരിച്ച് ഓട് മേയുന്നതിന് GI പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തിയിൽ സിംഗിൾ സെക്ഷൻ പ്രവൃത്തികളായ വാൾ പ്ലേറ്റ്, കോമൺ റാഫ്റ്റർ എന്നിവയ്ക്ക് ബിൽറ്റപ്പ് സെക്ഷൻ (ട്രസ്സ്) പ്രവൃത്തിയുടെ ഉയർന്ന നിരക്ക് അനുവദിച്ച് നൽകിയത് മൂലമാണ് മേൽ പരാമർശിച്ച നഷ്ടം ഉണ്ടായത്.

വിശദ വിവരം ഖണ്ഡിക 3-2 ആയി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-27 അഗതി രഹിത കേരളം - ഭവന നിർമ്മാണത്തിന് നൽകിയ തുക വിനിയോഗിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അഗതി രഹിത കേരളം ഭവന നിർമ്മാണം ( 13/21) എന്ന പ്രൊജക്റ്റ് പ്രകാരം അഗതി രഹിത കേരളം പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി കെ.ടി സുഹ്റ എന്നിവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് ₹ 400000 പ്ലാൻഫണ്ടിൽ നിന്ന് പിൻവലിച്ച് കുടുംബശ്രീ സി.ഡി.എസ് ന്റെ അഗതി രഹിത കേരളം അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. (01.02.2021 ന് തുക അക്കൗണ്ടിൽ വരവ് വന്നു.) (ബിൽ റഫറൻസ് നമ്പർ 2015065202028701010181/29.01.2021 )

എന്നാൽ ഈ തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. പദ്ധതി വിഹിതം ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ നില നിർത്തുന്നത് ശരിയല്ല. ഗുണഭോക്താവിന്റെ ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്. ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/20-21 Dt 09.09.21) ന് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് നിയന്ത്രണങ്ങൾ മൂലമാണ് പ്രവൃത്തി ആരംഭിക്കാൻ സാധിക്കാതിരുന്നത് എന്നും പ്രവൃത്തി ഉടൻതന്നെ ആരംഭിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 ലാപ്ടോപ്പ് വിതരണം ചെയ്തിട്ടില്ല.

പഞ്ചായത്തിന്റെ 2020-21 വർഷ പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം എന്ന പ്രൊജക്റ്റ് ( 10/21) നടപ്പാക്കുന്നതിനായി 20 ലാപ്ടോപ്പ് കമ്പ്യൂട്ടറുകളുടെ വില ഇനത്തിൽ 568080 രൂപ കേരള സ്റ്റേറ്റ് ഐടി മിഷൻ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ( Bill Ref No 20150652028701365457/ 26.03.2021 )
ഫണ്ട്- വികസന ഫണ്ട് -(SCP)

എന്നാൽ പദ്ധതി പ്രകാരമുള്ള ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ നാളിതുവരെ സ്റ്റേറ്റ് ഐടി മിഷൻ പഞ്ചായത്തിന് സപ്ലൈ ചെയ്തിട്ടില്ല.

ലാപ്ടോപ്പ് ലഭ്യമാകാത്തത് സംബന്ധിച്ച് നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി കേരള സംസ്ഥാന ഐടി മിഷന് നൽകിയ കത്തിൽനിന്നും പഞ്ചായത്തിന്റെ വർക്ക് ഓർഡർ അപ്രൂവ് ആകാത്തതാണ് കമ്പ്യൂട്ടർ വിതരണത്തിന് കാലതാമസം വരാൻ കാരണം എന്ന് വ്യക്തമാകുന്നു.

കേരള സംസ്ഥാന ഐടി മിഷന് പണം മുൻകൂറായി കൈമാറിയാൽ മാത്രമെ ലാപ്പ് ടോപ്പ് വിതരണം ഓർഡർ സ്വീകരിക്കുകയുള്ളൂ എന്നതിനാൽതന്നെ നിർവഹണോദ്യോഗസ്ഥർ ലാപ്ടോപ്പ് കമ്പ്യൂട്ടറിന് മുഴുവൻ തുകയും മുൻകൂറായി നൽകാൻ നിർബന്ധിതരാവുകയാണ്. എന്നാൽ സർക്കാർ ഉത്തരവിൽ എവിടെയുംതന്നെ ഇത്തരത്തിൽ വാങ്ങുന്ന കമ്പ്യൂട്ടറിന് മുൻകൂറായി പണം നൽകണം എന്ന് നിർദ്ദേശിച്ചിട്ടില്ല.

മുൻകൂറായി പണം കൈപ്പറ്റുന്നുവെങ്കിലും കമ്പ്യൂട്ടറിന്റെ വിതരണം സംബന്ധിച്ച് യാതൊരുവിധ കരാറും കേരള സംസ്ഥാന ഐടി മിഷൻ പഞ്ചായത്തുമായി ചമക്കുന്നില്ല. സർക്കാർ നിർദ്ദേശമില്ലാതെ പണം മുൻകൂറായി കൈപ്പറ്റുകയും കൈപ്പറ്റിയ പണത്തിന് രേഖകൾ ഒന്നും നൽകാതിരിക്കുകയും ചെയ്യുന്ന കേരള സംസ്ഥാന ഐടി മിഷന്റെ നടപടി ശരിയല്ല.
ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 17/09.09.21) ലഭ്യമാക്കിയ മറുപടിയിൽ കമ്പ്യൂട്ടറുകൾ യഥാസമയം വിതരണം ചെയ്യാത്തതിനാലാണ് ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് വിതരണം വൈകുന്നത് എന്നും

കമ്പ്യൂട്ടറുകൾ ഉടനെതന്നെ വിതരണം ചെയ്യണം എന്ന് ആവശ്യപ്പെട്ട് കേരള സംസ്ഥാന ഐടി മിഷന് കത്ത് നൽകിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

പണം നൽകി 6 മാസം കഴിഞ്ഞിട്ടും ലാപ്ടോപ്പ് വിതരണം നടത്താത്തതിനാൽ ചെലവ് തുക തടസ്സം ചെയ്യുന്നു. കമ്പ്യൂട്ടർ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-29 കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണം : സെക്രട്ടറി

| പ്രോജക്റ്റ് | ബിൽ/ ചെക്ക് നം | തുക | | റിമാർക്സ് |
|---|---|---|---|---|
| 2/21, SSA വിഹിതം നൽകൽ | 2167932/ 2.12.20 | 450000 | (തനത് ഫണ്ട്) | കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| | BRN 717879 /25.9.20 | 106600 | (പ്ലാൻ ഫണ്ട്) | |
| ആകെ | | 556600 | | |

ഓഡിറ്റ് എൻക്വയറി (നം. 22 / 13.9.21) നൽകിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 556600 രൂപ തടസ്സം ചെയ്യുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## 3-1 GLPS പറമ്പിൽ പീടിക റിപ്പയർ - GI പൈപ്പ് പ്രവൃത്തിക്ക് ഉയർന്ന നിരക്ക് നൽകി, ₹61432 രൂപ നഷ്ടം

2020-21 വർഷത്തിൽ നടപ്പാക്കിയ GLPS പറമ്പിൽ പീടിക കെട്ടിടം റിപ്പയർ പ്രവൃത്തി(35/21)യിൽ കെട്ടിടത്തിന്റെ മേൽക്കൂര GI പൈപ്പ് ഉപയോഗിച്ച് നിർമ്മിച്ചതിന് ഉയർന്ന നിരക്ക് നൽകിയത് മൂലം പഞ്ചായത്തിന് അധികച്ചെലവുണ്ടായി.

പ്രവൃത്തിയുടെ വിശദ വിവരങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പ്രവൃത്തി | GLPS പറമ്പിൽ പീടിക കെട്ടിടം റിപ്പയർ, ടോയ്‌ലറ്റ് പ്രവൃത്തി(35/21) |
| എസ്റ്റിമേറ്റ് നമ്പർ | 2020/54764 (DSR 2016, Cost Index 31.06 % ) |
| TS നമ്പർ | 11988/20-21 Dt 15.05.2020 ( 1100000) |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| കരാറുകാരൻ | ശ്രീ സി സിദ്ദീഖ് |
| കരാർ | AE/LSGD/PVLR/03/2020-21 Dt 18.06.2020 ( 874995.17) |
| എം ബുക്ക് | 48/19-20 |
| മൂല്യ നിർണ്ണയം | 941785 ( 840879.51+100905.54 Gst) |
| ചെലവ് | 941785 ( ₹773214 -201506520034800909473/07.01.2021, ₹168571 - 20150652003480071836/11.11.2020 ) |

GI പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം രണ്ട് വ്യത്യസ്ത നിരക്കുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

എ) വ്യത്യസ്ത തരം പൈപ്പുകൾ മുറിച്ച് പരസ്പരം വെൽഡ് ചെയ്ത് നിർമിക്കുന്ന ട്രസ്സ് പ്രവൃത്തിക്കുള്ള (Builtup ) നിരക്ക് ( 50.10.1)

ബി) സിംഗിൾ സെക്ഷൻ പ്രവൃത്തി (കട്ടിങ്ങ്, വെൽഡിംഗ് എന്നിവ താരതമ്യേന കുറവ് ) ( 50.10.2)

മേൽ പ്രവൃത്തിയിൽ സ്കൂൾ കെട്ടിടത്തിന് മേൽക്കൂര നവീകരിച്ച് ഓട് മേയുന്നതിന് GI പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തിയാണ് നടത്തിയത്. കെട്ടിടത്തിന്റെ മരം കൊണ്ടുള്ള പഴയ മേൽക്കൂര മാറ്റി GI പൈപ്പ് ഉപയോഗിച്ച് പുതിയ മേൽക്കൂര തയ്യാറാക്കി അതിൽ ഓട് മേയുകയാണ് ചെയ്തത്.

ഓട് മേയുന്നതിനുള്ള സ്ട്രക്ച്ചർ തയ്യാറാക്കുന്നതിനുള്ള എസ്റ്റിമേറ്റിൽ Purline സ്ഥാപിക്കുന്നതിന് സിംഗിൾ സെക്ഷൻ പ്രവൃത്തിയുടെ നിരക്കും(എസ്റ്റിമേറ്റ് ഇനം 5) മറ്റ് എല്ലാ പ്രവൃത്തികൾക്കും ട്രസ്സ് പ്രവൃത്തിക്കുള്ള (Builtup ) നിരക്കുമാണ് ( 50.10.1) നൽകിയത്(എസ്റ്റിമേറ്റ് ഇനം 4) .

ഓട് മേയുന്നതിന് മേൽക്കൂര നിർമ്മിക്കുമ്പോൾ സിംഗിൾ സെക്ഷൻ പ്രവൃത്തികളായ വാൾ പ്ലേറ്റ്, കോമൺ റാഫ്റ്റർ എന്നിവയ്ക്ക് ബിൽറ്റപ്പ് സെക്ഷൻ പ്രവൃത്തിയുടെ നിരക്ക് നൽകിയത് ശരിയല്ല. മേൽ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തികളുടെ നിരക്ക് മാത്രമെ നൽകാനാവൂ.

പ്രവൃത്തി എം ബുക്ക് പരിശോധിച്ചതിൽ വാൾ പ്ലേറ്റ്, കോമൺ റാഫ്റ്റർ എന്നിവയ്ക്കായി ആകെ 2508 Kg GI പൈപ്പ് ഉപയോഗിച്ചിട്ടുണ്ട് എന്ന് വ്യക്തമായി (പേജ് 12 To 19). ഈ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് ഇനം 4 പ്രകാരമുള്ള ബിൽറ്റപ്പ് പ്രവൃത്തിയുടെ നിരക്കാണ് നൽകിയിരിക്കുന്നത്.

സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബിൽറ്റപ്പ് ട്രസ്സ് പ്രവൃത്തിയുടെ നിരക്ക് തെറ്റായി നൽകി എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം പഞ്ചായത്തിന് അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

വിശദ വിവരം താഴെ നൽകുന്നു.

| | |
|---|---|
| വാൾപ്ലേറ്റ്, കോമൺ റാഫ്റ്റർ എന്നിവയ്ക്ക് ഉപയോഗിച്ച GI പൈപ്പ് | 2508 Kg |
| ഈ പ്രവൃത്തികൾ സിംഗിൾ സെക്ഷൻ ആയതിനാൽ നൽകാവുന്ന തുക<br>@ 95.87 ( Item 5 ന് കരാറുകാരൻ ക്വോട്ട് ചെയ്തത് ) | 240441.96 |
| Estimate Item 4 ൽ ഉൾപ്പെടുത്തിയതിനാൽ നൽകിയ തുക @117.74 | 295291.92 |
| അധികം നൽകിയത് | 54850 |

മൂല്യ നിർണ്ണയത്തിന് പുറമെ അനുവദിച്ച് നൽകിയ 12% GST കൂടി പരിഗണിക്കുമ്പോൾ ആകെ 61432 രൂപ പഞ്ചായത്തിന് അധികച്ചെലവായിട്ടുണ്ട്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 18/20-21 Dt 10.09.2021) ലഭ്യമാക്കിയ മറുപടിയിൽ വാൾ പ്ലേറ്റ്, റാഫ്റ്റർ എന്നിവയും ട്രസ്സ് പ്രവൃത്തിയുടെ ഭാഗമായതിനാലാണ് ഉയർന്ന നിരക്ക് നൽകിയത് എന്നാണ് മറുപടി നൽകിയത്. എന്നാൽ 2019-20 ൽ പഞ്ചായത്തിൽ നിന്ന് പണം നൽകിയ ഒളകര സ്കൂൾ റിനൊവേഷൻ എന്ന പ്രവൃത്തിയിൽ ( 112/20) വാൾപ്ലേറ്റ്, റാഫ്റ്റർ തുടങ്ങിയ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തിയുടെ നിരക്ക് മാത്രമേ അനുവദിച്ച് നൽകിയിട്ടുള്ളൂ എന്നതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി ശരിയല്ല എന്ന് വ്യക്തമാണ്. മറുപടി അംഗീകരിക്കുന്നില്ല.

നഷ്ട തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ , സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

### 3-2 നടുക്കര സ്കൂൾ കെട്ടിടം റിപ്പയർ - GI പൈപ്പ് പ്രവൃത്തിക്ക് ഉയർന്ന നിരക്ക് നൽകി. ₹31282 രൂപ നഷ്ടം

2020-21 വർഷത്തിൽ നടപ്പാക്കിയ നടുക്കര സ്കൂളിന് കെട്ടിടം റിപ്പയർ പ്രവൃത്തി(147/21)യിൽ കെട്ടിടത്തിന്റെ മേൽക്കൂര GI പൈപ്പ് ഉപയോഗിച്ച് നിർമ്മിച്ചതിന് ഉയർന്ന നിരക്ക് നൽകിയത് മൂലം പഞ്ചായത്തിന് അധികച്ചെലവുണ്ടായി.

പ്രവൃത്തിയുടെ വിശദ വിവരങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പ്രവൃത്തി | നടുക്കര സ്കൂളിന് കെട്ടിടം റിപ്പയർ (147/21) |
| എസ്റ്റിമേറ്റ് നമ്പർ | 2019/95418 (DSR 2016, Cost Index 31.06 % ) |
| TS നമ്പർ | 83868/19-20 Dt 01.11.2019 ( 600000) |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ), സി.എഫ്.സി ഗ്രാന്റ് |

| | |
|---|---|
| കരാറുകാരൻ | ശ്രീ സി സിദ്ദീഖ് |
| കരാർ | AE/LSGD/PVLR/44/2019-20 Dt 02.12.2019 ( 535350.65) |
| എം ബുക്ക് | 31/19-20 |
| മൂല്യ നിർണ്ണയം | 599593 ( 535350.65+64242.08 Gst) |
| ചെലവ് | 599593 (₹450000 -24/17.08.2020, ₹149593 - 12/16.05.2020 ) |

GI പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം രണ്ട് വ്യത്യസ്ത നിരക്കുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

എ) വ്യത്യസ്ത തരം പൈപ്പുകൾ മുറിച്ച് പരസ്പരം വെൽഡ് ചെയ്ത് നിർമിക്കുന്ന ട്രസ്സ് പ്രവൃത്തിക്കുള്ള(Builtup ) നിരക്ക് ( 50.10.1)

ബി) സിംഗിൾ സെക്ഷൻ പ്രവൃത്തി (കട്ടിങ്ങ്, വെൽഡിംഗ് എന്നിവ താരതമ്യേന കുറവ് ) ( 50.10.2)

മേൽ പ്രവൃത്തിയിൽ സ്കൂൾ കെട്ടിടത്തിന് മേൽക്കൂര നവീകരിച്ച് ഓട് മേയുന്നതിന് GI പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തിയാണ് നടത്തിയത്. കെട്ടിടത്തിന്റെ മരം കൊണ്ടുള്ള പഴയ മേൽക്കൂര മാറ്റി GI പൈപ്പ് ഉപയോഗിച്ച് പുതിയ മേൽക്കൂര തയ്യാറാക്കി അതിൽ ഓട് മേയുകയാണ് ചെയ്തത്.

ഓട് മേയുന്നതിനുള്ള സ്ട്രക്ചർ തയ്യാറാക്കുന്നതിനുള്ള എസ്റ്റിമേറ്റിൽ Purline സ്ഥാപിക്കുന്നതിന് സിംഗിൾ സെക്ഷൻ പ്രവൃത്തിയുടെ നിരക്കും(എസ്റ്റിമേറ്റ് ഇനം 5) മറ്റ് എല്ലാ പ്രവൃത്തികൾക്കും ട്രസ്സ് പ്രവൃത്തിക്കുള്ള(Builtup ) നിരക്കുമാണ് ( 50.10.1) നൽകിയത് (എസ്റ്റിമേറ്റ് ഇനം 4).

ഓട് മേയുന്നതിന് മേൽക്കൂര നിർമ്മിക്കുമ്പോൾ സിംഗിൾ സെക്ഷൻ പ്രവൃത്തികളായ വാൾ പ്ലേറ്റ്, കോമൺ റാഫ്റ്റർ എന്നിവയ്ക്ക് ബിൽറ്റപ്പ് സെക്ഷൻ പ്രവൃത്തിയുടെ നിരക്ക് നൽകിയത് ശരിയല്ല. മേൽ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തികളുടെ നിരക്ക് മാത്രമെ നൽകാനാവൂ.

പ്രവൃത്തി എം ബുക്ക് പരിശോധിച്ചതിൽ വാൾ പ്ലേറ്റ്, കോമൺ റാഫ്റ്റർ എന്നിവയ്ക്കായി ആകെ 1145.61 Kg GI പൈപ്പ് ഉപയോഗിച്ചിട്ടുണ്ട് എന്ന് വ്യക്തമായി ( പേജ് 12 To 14). ഈ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് ഇനം 4 പ്രകാരമുള്ള ബിൽറ്റപ്പ് പ്രവൃത്തിയുടെ നിരക്കാണ് നൽകിയിരിക്കുന്നത്.

സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബിൽറ്റപ്പ് ട്രസ്സ് പ്രവൃത്തിയുടെ നിരക്ക് തെറ്റായി നൽകി എസ്റ്റിമേറ്റ് തയ്യാറാക്കിയത്മൂലം പഞ്ചായത്തിന് അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

വിശദ വിവരം താഴെ നൽകുന്നു.

| | |
|---|---|
| വാൾപ്ലേറ്റ്, കോമൺ റാഫ്റ്റർ എന്നിവയ്ക്ക് ഉപയോഗിച്ച GI പൈപ്പ് | 1145.61 Kg |
| ഈ പ്രവൃത്തികൾ സിംഗിൾ സെക്ഷൻ ആയതിനാൽ നൽകാവുന്ന തുക<br>@ 106.86 ( Item 5 ന് കരാറുകാരൻ ക്വോട്ട് ചെയ്തത്) | 122419.88 |
| Estimate Item 4 ൽ ഉൾപ്പെടുത്തിയതിനാൽ നൽകിയ തുക @131.24 | 150349.86 |
| അധികം നൽകിയത് | 27930 |

മൂല്യ നിർണ്ണയത്തിന് പുറമെ അനുവദിച്ച് നൽകിയ 12% GST കൂടി പരിഗണിക്കുമ്പോൾ ആകെ 31282 രൂപ പഞ്ചായത്തിന് അധികച്ചെലവായിട്ടുണ്ട്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 20/20-21 Dt 10.09.2021) ലഭ്യമാക്കിയ മറുപടിയിൽ വാൾ പ്ലേറ്റ്, റാഫ്റ്റർ എന്നിവയും ട്രസ്സ് പ്രവൃത്തിയുടെ ഭാഗമായതിനാലാണ് ഉയർന്ന നിരക്ക് നൽകിയത് എന്നാണ് മറുപടി നൽകിയത്. എന്നാൽ 2019-20 ൽ പഞ്ചായത്തിൽ നിന്ന് പണം നൽകിയ ഒളകര സ്കൂൾ റിനൊവേഷൻ എന്ന പ്രവൃത്തിയിൽ ( 112/20) വാൾപ്ലേറ്റ്, റാഫ്റ്റർ തുടങ്ങിയ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തിയുടെ നിരക്ക് മാത്രമേ അനുവദിച്ച് നൽകിയിട്ടുള്ളൂ എന്നതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി ശരിയല്ല എന്ന് വ്യക്തമാണ്. മറുപടി അംഗീകരിക്കുന്നില്ല.

എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ഉണ്ടായ അപാകതമൂലമാണ് പഞ്ചായത്തിന് പ്രസ്തുത അധികച്ചെലവ് ഉണ്ടായത് എന്നതിനാൽ നഷ്ടതുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2019-20 | 24.08.2021 മുതൽ 26.08.2021 വരെ | റിപ്പോർട്ട് നമ്പർ. കെ.എസ്.എ.എം.പി.എം.15/1454/21 ഈ റിപ്പോർട്ടിന്റെ ഭാഗമാക്കിയിരിക്കുന്നു. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 4,25,000 | 29/21നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 4,25,000 | -- |
| | 5,00,000 | 122/21കേരഗ്രാമം പദ്ധതി തെങ്ങിന് ജൈവവളത്തിന് സബ്സിഡി | 5,00,000 | -- |
| | 92,000 | 184/21സുഭിക്ഷകേരളം ബയോഫ്ലോക്ക് പ്രൊജക്ട് | 15,220 | 76,780 |
| | 4,33,200 | 11/21ലൈഫ് ഭൂമി വാങ്ങൽ – ജനറൽ | 4,33,200 | |
| | 4,50,000 | 12/21ലൈഫ് ഭൂമി വാങ്ങൽ – എസ്.സി | 4,50,000 | |
| | 9,60,000 | 182/21ലൈഫ് ഭവനനിർമ്മാണം – ജനറൽ | 9,60,000 | |
| | 2,00,000 | 183/21ലൈഫ് ഭവനനിർമ്മാണം – എസ്.സി | 2,00,000 | |
| | 5,00,000 | ഭിന്നശേഷി സ്കോളർഷിപ്പ് | 5,00,000 | |
| ജില്ലാ പഞ്ചായത്ത് | 5,00,000 | ഭിന്നശേഷി സ്കോളർഷിപ്പ് | 5,00,000 | |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| LIFE ഭവന നിർമ്മാണം | | 2795516 | 2413163 | 1025647 | -- | 1387516 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സാമഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2007-08 | 3(3) | 2010-11 | | | |
| 2010-11 | 3(8) | 2013-14 | | | |
| 20015-16 | 2(1),2(3),(4) | 2016-17 | 3(1) 2(1),2(3),2(4) | തൊഴിൽ നികുതി | പഞ്ചായത്ത് അസി.ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് (09/01/2018ന് കെ.എസ്.എ.എം.പി.എം15/3004/2016 നമ്പറായി ഈ ഓഫീസിൽ ലഭ്യമായ |

| | | | | | |
|---|---|---|---|---|---|
| | | | | | 2015-16ലെ ഓഡിറ്റ് റിപ്പോർട്ടിൻറെ പുനരഭിപ്രായ കുറിപ്പിൽ പരാമർശങ്ങൾ ഒഴിവാക്കിയിട്ടുണ്ട്.) |
| 2016-17 | 16 | 2017-18 | 3(4) | | |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2001-2 | 2(3), 2(4) | എം.തൊയ്യിബ് സെക്രട്ടറി | LF/21259/Slp Cell (Scs)/09 Dt. 29/12/09 Of Director Of Loal Fund | 5000 6000 | 08/02/2010 ലെ 16087/31 | | | | 11000 | |
| 2 | 2005-6 | 3(7) | ബാബുജോർജ് എം മെഡിക്കൽ ഓഫീസർ | LF/1556/Spl/SC D1/2011 Dated 14/06/2011 | 15000 | സർക്കാർ സാധൂകരണത്തിനായി ജില്ലാ മോണിറ്ററിംഗ് സമിതിക്ക് സമർപ്പിച്ചു | | | | | |
| 3 | 2006-7 | 3(9) | സെക്രട്ടറി | LF/6067/Spl Cell/ScD1/2011 Dated 12/07/2011 | 24850 | LF 6067/Spl Cell/D1/2011 Dated 21/04/2012 പ്രകാരം സർചാർജ് നടപടി ഒഴിവാക്കി | | | | | |
| 4 | 2007-8 | 3(17) | സി.സുന്ദരൻ അസിസ്റ്റന്റ് എഞ്ചിനീയർ | LF/15436/Spl Cell/Sc D1/2011 Dated 13/01/2012 | 4369 | 11204102363 Dated 23/11/2012 | | | | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 100204993 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73424961 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 92,714 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,69,930 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടതുക | ഉത്തരവാദിയായ ആളുടെ പേരും മേൽവിലാസവും |
|---|---|---|

| നം | | | |
|---|---|---|---|
| | ചാർജ് ചെയ്യാവുന്ന | സർചാർജ് ചെയ്യാവുന്നവ | |
| 3.1 | | 61,432 | ശ്രീ സുരേഷ് ബാബു ടി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ : 30,716 |
| | | | ശ്രീ മാധവൻ എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ :30716 |
| 3.2 | | 31,282 | ശ്രീ സുരേഷ് ബാബു ടി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ : 15,641 |
| | | | ശ്രീ മാധവൻ എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ: 15,641 |
| ആകെ | | 92,714 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 1,45,250 | ശ്രീമതി മൈമൂനത്ത്, ഹെഡ്മിസ്ട്രസ് |
| 1-28 | 5,68,080 | ശ്രീ ജോളി ജോൺ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-29 | 5,56,600 | ശ്രീമതി ശൈലജ , സെക്രട്ടറി |
| ആകെ | 12,69,930 | |
| | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സുരേഷ് ബാബു ടി. കെ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പെരുവണ്ണൂർ ഗ്രാമപഞ്ചായത്ത് | തുമ്പയിൽ കായക്കാട്ട് വീട്, പുല്ലിപ്പറമ്പ് പി.ഒ, ചെലേമ്പ്ര - 673634 |
| ശ്രീ മാധവൻ എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | വിരമിച്ചു | ശ്രീനിലയം, തോക്കാംപാറ, കോട്ടക്കൽ പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | എൽ.എഫ്.എം 11/63/2003/4-7-13 | 3 |
| 01-02-Exp | എൽ.എഫ്.എം 11/1538/06/22.02.07 | 1 |
| 02-03-Exp | എൽ.എഫ്.എം 15/398/18 25.04.18 | 2 |
| 03-04 | എൽ.എഫ്.എം 15/320/18/25.04.18 | 6 |
| 04-05 | എൽ.എഫ്.എം 15/320/18/25.04.18 | 4 |
| 05-06 | എൽ.എഫ്.എം 17/775/09/1-4-09 | 14 |
| 06-07 | എൽ.എഫ്.എം 17/776/09/14-9-09 | 10 |
| 07-08 | എൽ.എഫ്.എം 15/665/18/25.04.18 | 13 |
| 08-09 | എൽ.എഫ്.എം 15/1167/2011/8-7-11 | 5 |
| 09-10 | എൽ.എഫ്.എം 15/2241/11/30-1-12 | 12 |
| 10-11 | എൽ.എഫ്.എം 15/1751/13/21-10-13 | 9 |
| 11-12-12-13 | എൽ.എഫ്.എം 15/590/15/27-4-15 | 16 |
| 13-14,14-15 | കെ.എസ്.എ.എം.പി.എം 15/2657/16 10.11.16 | 7 |
| 2015-16 | കെ എസ് എ.എം.പി.എം.15/3004/2016 തി 19.02.2018 | 2 |
| 2016-17 | കെ എസ് എ.എം.പി.എം.15/1286/2017 തീ. 13.06.2017 | 10 |

| | | |
|---|---|---|
| 2017-18 | കെ എസ് എ.എം.പി.എം.15/259/2019 തീ. 11.10.2019 | 13 |
| 2018-19 | കെ.എസ്.എ എം.പി.എം15/204/2020 തിയതി 09.03.2020 | 13 |
| 2019-20 | കെ.എസ്.എ എം.പി.എം15/1453/2021 തീയതി 08-10-2021 | 33 |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്